**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1733** **15-03-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാല നിയമനത്തിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എം.ജി സർവ്വകലാശാലയിൽ മാർക്ക് ലിസ്റ്റ് തട്ടിപ്പിന് പിടിയിലായ വ്യക്തി ഉൾപ്പടെയുള്ളവർക്ക് ചട്ട വിരുദ്ധമായാണ് ബൈ ട്രാൻസ്ഫർ നിയമനം നൽകിയതെന്ന് ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | എം.ജി. സർവകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റൻറുമാരുടെ സ്ഥാനക്കയറ്റത്തിൽ ക്രമക്കേട് നടന്നെന്ന് ധനകാര്യ വകുപ്പിന്റെ പരിശോധന വിഭാഗം നൽകിയ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ധനകാര്യ പരിശോധന വിഭാഗം റിപ്പോർട്ടിന്മേൽ എം.ജി. സർവ്വകലാശാല യോട് റിപ്പോർട്ട് തേടിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ റിപ്പോർട്ട് പ്രകാരം പി.എസ്.സി മുഖേന നിയമനം നൽകേണ്ടിയിരുന്ന എത്ര അസിസ്റ്റന്റ് തസ്തികകളിലാണ് അനധികൃത നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമനങ്ങൾ റദ്ദാക്കി പി.എസ്.സി മുഖേന അർഹരായ ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഈ റിപ്പോർട്ട് പ്രകാരം പി.എസ്.സി മുഖേന നിയമനം നൽകേണ്ടിയിരുന്ന 31 അസിസ്റ്റന്റ് തസ്തികകളിലാണ് അനധികൃതനിയമനം നൽകിയതായി ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയിട്ടുള്ളത്. WP( C) No. 20954 ഹർജിയിന്മേലുള്ള ബഹു: ഹൈക്കോടതിയുടെ 01.08.2019 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 06.08.2019 തീയതി യിലെ 29439/Ad A1/1/Ad A1/Ad A1 നമ്പർ കത്ത് പ്രകാരം അസിസ്റ്റൻറ് തസ്തികയിലേക്കുള്ള 31 ഒഴിവുകൾ താൽക്കാലികമായി പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള കേസുകളിൽ ബഹു: ഹൈക്കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് 19.05.2018-ൽ യോഗ്യതയില്ലാത്ത ക്ലറിക്കൽ അസിസ്റ്റന്റുമാരെ അസിസ്റ്റന്റുമാരായി പ്രമോട്ട് ചെയ്ത തീരുമാനം പിൻവലിക്കണമെന്ന പരാതിയിന്മേൽ ധനകാര്യ പരിശോധന (എൻ.റ്റി-ജി) വകുപ്പ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട്.**

മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് 19.05.2018-ൽ യോഗ്യതയില്ലാത്ത ക്ലറിക്കൽ അസിസ്റ്റന്റുമാരെ നിയമവിരുദ്ധമായി അസ്സിസ്റ്റന്റായി പ്രമോട്ട് ചെയ്യാനെടുത്ത തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സേവ് യൂണിവേഴ്സിറ്റി ഫോറം സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധന(എൻ.റ്റി-ജി) വകുപ്പ് 2020 ജനുവരി 22-ാം തീയതി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പരിശോധന നടത്തുകയുണ്ടായി. എം.ജി. സിൻ ഡിക്കേറ്റ് 19.05.2018-ന് എടുത്ത നിയമ വിരുദ്ധവും സർവ്വകലാശാല ചട്ടങ്ങൾക്ക് വിരുദ്ധമായി ക്ലറിക്കൽ അസിസ്റ്റന്റുമാരെ അസിസ്റ്റന്റുമാരായി നിയമിച്ചത് പുന:പരിശോധിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നതാണ് പരാതിയിലെ ഉള്ളടക്കം.

1983 ഒക്ടോബർ 2-ാം തീയതി രൂപീകരിക്കപ്പെട്ട എം.ജി. യൂണിവേഴ്സിറ്റിയിൽ കേരള യൂണിവേഴ്സിറ്റി ആക്ട് 1974 (17 of 1974) വ്യവസ്ഥകൾ പാലിക്കുകയും നടപ്പിലാക്കേണ്ടതുമാണെന്ന് എം.ജി. യൂണിവേഴ്സിറ്റി ആക്ട് 1985-ലെ (Act 12 of 1985)-ൽ പ്രതിപാദിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഗ്രേഡ് -II (സ്റ്റോർ കീപ്പർ ഉൾപ്പെടെ) തസ്തികയിലേയ്ക്ക് വേണ്ട അടിസ്ഥാന യോഗ്യത സർവ്വകലാശാല ബിരുദമാണ്. മേൽ തസ്തികയിലേക്കുള്ള നിയമന രീതി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് മത്സര പരീക്ഷ /ഇന്റർവ്യൂ മുഖാന്തിരമോ ആണ്. കൂടാതെ ക്ലാസ് I V ജീവനക്കാർക്ക് വയസിലും യോഗ്യതയിലും ഇളവുണ്ട്. എസ്.എസ്.എൽ.സി-യോ തത്തുല്യമോ വിദ്യാഭ്യാസ യോഗ്യതയും 7 വർഷത്തെ യോഗ്യ സർവ്വീസും അതിൽ ക്ലറിക്കൽ അസിസ്റ്റന്റായി 5 വർഷത്തെ യോഗ്യ സർവ്വീസും ഉള്ളവർക്കു യോഗ്യതപരീക്ഷ/അനുയോജ്യത പരീക്ഷ നടത്തി പ്രമോഷൻ വഴി നിയമനം നൽകാവുന്നതുമാണ് .

<u>കണ്ടെത്തലുകൾ</u>

മേൽ പരാമർശിക്കുന്ന വിധത്തിലുള്ള യോഗ്യരായ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റായുള്ള നിയമനം 05.01.2008-ലെ സ.ഉ(പി) 03.08.HEdn ഉത്തരവിന്റെ അടിസ്ഥാനത്തിൽ U.O.No. 249/A III/2007/Admn dated 21.04.2007 പ്രകാരം 16.04.2007 മുതൽക്ക് സർവ്വകലാശാല നിറുത്തലാക്കിയിരുന്നു . എന്നാൽ അതനുസരിച്ച് സർവ്വകലാശാല ഓർഡിനൻസ് 19.05.2018-ലെ സിൻഡിക്കേറ്റ് യോഗം വരെ രൂപീകരിച്ചിട്ടില്ല എന്നതിന്റെ മറവിൽ 04.06.2018-ൽ 31 ക്ലറിക്കൽ അസിസ്റ്റന്റുമാരെ വിദ്യാഭ്യാസ യോഗ്യതയുടെ മാത്രം അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കുന്ന യോഗ്യ പരീക്ഷ (suitability) നടത്താതെ അസിസ്റ്റന്റുമാരായി നിയമിച്ചിട്ടുണ്ട്. തുടർ ന്ന് 11.07.2018-ൽ അസിസ്റ്റന്റുമാരുടെ നിയമനം സംബന്ധിച്ച് ഓർഡിനൻസ് രൂപീകരിച്ചിട്ടുമുണ്ട്. അതിൽ അസിസ്റ്റന്റ് നിയമന രീതിയിൽ ക്ലറിക്കൽ അസിസ്റ്റന്റിൽ നിന്നും By promotion വഴി അസിസ്റ്റന്റ് ആവുന്നത് ഒഴിവാക്കിയിട്ടുമുണ്ട്. എന്നാൽ By transfer വഴിയുള്ള നിയമനങ്ങൾ ഇപ്പോഴും നടപ്പിലാക്കി വരുന്നു.

16.04.2007-ൽ നിറുത്തലാക്കിയ ഒരു ഉത്തരവിന്/തസ്തികയ്ക്ക്/നിയമന രീതിയ്ക്ക് ഓർഡിനൻസ് രൂപീകരിച്ചിട്ടില്ല എന്ന കാരണം പറഞ്ഞ് യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാകേണ്ട '31' തസ്തികയിൽ ക്ലറിക്കൽ അസിസ്റ്റന്റുമാരെ നിയമന രീതിയ്ക്കുള്ള സ്റ്റാറ്റ്യൂട്ട് പാലിക്കാതെ അസിസ്റ്റന്റുമാരായി നിയമിച്ചിരിക്കുകയാണ്.മേൽ പ്രതിപാദിച്ചിട്ടുള്ള 31 ക്ലറിക്കൽ അസിസ്റ്റന്റുമാരെ അസിസ്റ്റന്റായി പ്രമോഷൻ നൽകുന്നതിനായി സിൻഡിക്കേറ്റ് തലത്തിൽ ഗൂഢാലോചന നടന്നിട്ടുണ്ട് എന്നത് വ്യക്തമാണ്. ആയതിനാൽ സ്വജനപക്ഷപാതം അഴിമതി എന്നീ നിലകളിൽ ഈ പ്രവർത്തിയെ കാണേണ്ടതും ടി തീരുമാനങ്ങൾ കൈകൊണ്ട സിണ്ടിക്കേറ്റ് അംഗൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതും അർഹതയില്ലാതെ നൽകിയ സ്ഥാനക്കയറ്റങ്ങൾ മുഴുവൻ റദ്ദ് ചെയ്യേണ്ടതുമാണ് .

മേൽ പ്രതിപാദിച്ച 31 പേരിൽ ശ്രീ.അശോക് കുമാർ.പി.എസ് എന്ന ക്ലറിക്കൽ അസിസ്റ്റന്റ് 5 വർഷം സർ വ്വീസ് 16.04.2007 -നു മുൻപ് പൂർത്തിയാക്കിയെങ്കിലും എസ്.എസ്.എൽ.സി പാസാകുന്നത് ജനുവരി 2008-ലാണ്. സിൻഡിക്കേറ്റ് തീരുമാനപ്രകാരം 16.04.2007-നു മുൻപ് യോഗ്യതകൾ നേടാത്തവർക്ക് നിലവിലുള്ള ആനുകൂല്യത്തിന് അർ ഹതയില്ലാത്തതിനാൽ 28.02.2018 ലെ ഇനം നം.127/15.02/7958 പ്രകാരം സിൻഡിക്കേറ്റ് അശോക് കുമാറിന്റെ അപേക്ഷ തള്ളിക്കളഞ്ഞിരുന്നു. ഇതിനെതിരെ ടിയാൻ ബഹു.ഹൈക്കോടതിയിൽ WP(1) 18632/2014 സമർപ്പിക്കുകയും 28.02.2017 പ്രകാരമുള്ള വിധി ന്യായത്തിൽ സർവ്വകലാശാലയോട് പരാതിക്കാരന്റെ ആവശ്യം സിൻഡിക്കേറ്റിന്റെ മുൻപിൽ സമർപ്പിക്കാനും കേരള സർവ്വകലാശാല ഫസ്റ്റ് ഓർഡിനൻസ് 1978 പ്രകാരം പരാതിക്കാരന് യോഗ്യതയുടെ കാര്യത്തിൽ

എന്തെങ്കിലും ഇളവുകൾ അനുവദിക്കാൻ സാധ്യമാണോ എന്ന് പരിശോധിക്കാനും ഉത്തരവിട്ടു. ഇങ്ങനെ പരിശോധിക്കുമ്പോൾ 16.04.2007-നു ശേഷം ഇത്തരത്തിൽ ഏതെങ്കിലും ജീവനക്കാർക്ക് ഈ ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വെളിച്ചത്തിൽ പരാതിക്കാരന്റെ ആവശ്യവും കണക്കിലെടുത്തുവേണംബഹു ഹൈക്കോടതി നിർദേശിച്ചിരുന്നു .

ശ്രീ.അശോക് കുമാർ പി.എസ്, ഹൈക്കോടതിയിൽ ചൂണ്ടിക്കാണിച്ച രാജു വി ജോൺ, ആന്റണി.എം.ജെ, ജാഫർ സാദിക്, ദിലീപ്.കെ.ആർ, ജെയിംസ്. വൈ എന്നിവരുടെ സ്ഥാനക്കയറ്റം 16.04.2007-നു ശേഷം സർവ്വകലാശാല അംഗീകരിച്ച് ഉത്തരവിട്ടതാണെങ്കിലും ഇവരെല്ലാം തന്നെ 16.04.2007-നു മുൻപ് തങ്ങളുടെ യോഗ്യത നേടിയവരാണ്. എന്നാൽ ശ്രീ.അശോക് കുമാർ.പി.എസ് യോഗ്യതകളിൽ ഒന്നായ എസ്.എസ്.എൽ.സി പാസായിരിക്കുന്നത് ജനുവരി 2008-ൽ മാത്രമാണ്.

ഈ വിഷയത്തിൽ സർവ്വകലാശാല സ്റ്റാന്റിംഗ് കോൺസൽ നൽകിയ നിയമോപദേശത്തിൽ ഹൈക്കോടതി വിധി പ്രകാരം സർവ്വകലാശാല സിൻഡിക്കേറ്റ് 16.04.2007-നു ശേഷം യോഗ്യത നേടിയിട്ടുള്ള ആർക്കെങ്കിലും അസിസ്റ്റന്റ് ഗ്രേഡ്-II ആയി പരാതിക്കാരൻ ആരോപിച്ചിട്ടുള്ള നിയമനം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാനും അങ്ങനെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പരാതിക്കാരനും മറ്റു സമാനമായ കേസുകളിലും അനുകൂലമായ തീരുമാനമെടുക്കാനും ആണ് പറഞ്ഞിട്ടുള്ളതെന്നും എന്നാൽ 16.04.2007-നു ശേഷം എസ് എസ് എൽ സി യോഗ്യത നേടിയ ഒരു ജീവനക്കാരനും അസിസ്റ്റന്റ് ഗ്രേഡ് I I ആയി നിയമനം നൽകിയതായി കണ്ടെത്തിയില്ലെങ്കിൽ പരാതിക്കാരന്റെ അവകാശവാദം സിൻഡിക്കേറ്റിന് തള്ളിക്കളയാവുന്നതാണെന്നും സ്റ്റാന്റിംഗ് കോൺസൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

പരാതിക്കാരൻ ചൂണ്ടിക്കാണിച്ച 16.04.2007-നു ശേഷം സ്ഥാനക്കയറ്റം നേടിയ ജീവനക്കാരെല്ലാം തന്നെ 16.04.2007-നു മുൻപ് അസിസ്റ്റന്റ് ഗ്രേഡ്-II ആയി സ്ഥാനക്കയത്തിനുള്ള യോഗ്യത നേടിയിരുന്നു. എന്നാൽ ഇവരുടെ സ്ഥാനക്കയറ്റ ഉത്തരവുകൾ പലതും 16.04.2007-നു ശേഷം സിൻഡിക്കേറ്റിന്റെ അനുവാദത്തോടെ വിവിധ കാരണങ്ങൾ കൊണ്ട് താമസിച്ച് ഇറങ്ങിയിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട വൈസ് ചാൻസിലറുടെ 07.12.2017-ലെ ഉത്തരവിൻ പ്രകാരം ടി വിഷയത്തിലുള്ള സ്റ്റാന്റിംഗ് കോൺസലിന്റെ അഭിപ്രായവും ഡെപ്യൂട്ടി രജിസ്ട്രാർ I (ഭരണ വിഭാഗം) സമർപ്പിച്ച റിപ്പോർട്ടും സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കും തീരുമാനത്തിനുമായി സമർപ്പിച്ചിരിക്കുന്നു. 2018 മാർച്ച് മാസം -13ാം തീയതി കൂടിയ സിൻഡിക്കേറ്റ് ഉപസമിതി (സ്റ്റാഫ്) വിഷയം വിശദമായി പരിശോധിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 18632/2017 ഹർജിയിലെ 28.02.2017 തീയതിയിലെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം പരാതിക്കാരനായ ശ്രീ.അശോക് കുമാർ. പി.എസ്-ന്റെ അസിസ്റ്റന്റ് ഗ്രേഡ് I I തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകണമെന്നുള്ള ആവശ്യം പരിശോധിക്കുകയും ടിയാൻ യഥാസമയം യോഗ്യത നേടിയിട്ടില്ലാത്തതിനാൽ , അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുവാൻ അർഹതയില്ലായെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ആവശ്യം നിരസിക്കുവാൻ സിൻഡിക്കേറ്റ് ഉപസമിതി (സ്റ്റാഫ്) ശുപാർശ നൽകുകയും ചെയ്തു. എന്നാൽ ശ്രീ.അശോക് കുമാർ. പി.എസ് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് നൽകുന്നതിന് 24.03.2018-ലെ 04/09/18.03-ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം (13.04.2018-ലെ 3355/എ1/1/2018/ഭരണ വിഭാഗം ഉത്തരവ് പ്രകാരം) രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും അതിന്റെ തുടർച്ചയായി രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 19.05.2018-ലെ സിൻഡിക്കേറ്റ് മിനിട്സ് നം.OA2/18.4 പ്രകാരം ശ്രീ. അശോക് കുമാർ.പി.എസ് ഉൾപ്പെടെയുള്ള '31 ' ക്ലറിക്കൽ അസിസ്റ്റന്റുമാരെ Suitability Test നടത്താതെ തന്നെ അസിസ്റ്റന്റുമാരായി നിയമനം നൽകിയതയാണ് കാണുന്നത്.

കോടതി വിധി പരിശോധിച്ച് ശ്രീ.അശോക് കുമാർ.പി.എസ്-ന് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുവാൻ അർഹതയില്ലായെന്ന് സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ച ഒരു വിഷയത്തിൽ സിൻഡിക്കേറ്റ് വീണ്ടും പരിശോധിച്ച് ടിയാന് അസിസ്റ്റന്റായി പ്രൊമോഷൻ നൽകിയതിന്റെ ഉദ്ദേശ ശുദ്ധി സംശയാസ്പദമാണ്.

<u>ബൈ ട്രാൻസ്ഫർ നിയമനങ്ങളിലെ ക്രമക്കേടുകൾ</u>

25.01.2006-ലെ സ.ഉ(കൈ) നം.31/06/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറിയേറ്റിലെ താഴ്ന്ന വിഭാഗം തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാരിൽ 4 വർഷം സർവ്വീസ് പൂർത്തിയാക്കിയ അംഗീകൃത സർവ്വകലാശാല ബിരുദധാരികൾക്ക് 2 % ഒഴിവ് അസിസ്റ്റന്റ് തസ്തികയിൽ ബൈ ട്രാൻസ്ഫർ നിയമനത്തിനായി മാറ്റിവച്ച ഉത്തരവായത് 17.05.2010 -ലെ സ.ഉ(കൈ) നം.196/2010/പൊ.ഭ.വ ഉത്തരവ് പ്രകാരം 4 % ആക്കി വർദ്ധിപ്പിച്ചിരുന്നു. ടി

ഒഴിവുകൾ കണക്കാക്കേണ്ടത് അസിസ്റ്റന്റ് തസ്തികയിലെ ആകെയുള്ള എൻട്രി കേഡർ തസ്തികകളുടെ 4% ആയിരിക്കണം. കണ്ണൂർ സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലെ ആകെയുള്ള എണ്ണത്തിന്റെ 4% താഴ്ന്ന വിഭാഗം ജീവനക്കാർക്കായി By Transfer മുഖേന നിയമനം നടത്തിയതുപോലെ എം.ജി സർവ്വകലാശാലയിലും ആകെ അനുവദനീയമായ ആകെ എണ്ണത്തിന്റെ 4 % ഒഴിവുകൾ നീക്കിവയ്ക്കണമെന്ന് അറ്റൻഡർമാർ നൽകിയ നിവേദനം പരിഗണിച്ച് 28.11.2017-ലെ 7036/A1/1/2017/പൊ.ഭ.വി. നമ്പർ ഉത്തരവ് പ്രകാരം സർവ്വകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിൽ അനുവദനീയമായ ആകെ ഒഴിവിന്റെ (712) 4% (അതായത് 238:237:237=712) 28 ഒഴിവുകൾ By transfer നിയമനത്തിന് നീക്കി വയ്ക്കുകയും ഒഴിവുകൾ നികത്തുകയും ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ എൻട്രി കേഡർ അസിസ്റ്റന്റിന്റെ 238 തസ്തികകൾ ആണ് നിലവിലുള്ളത്. ഇതിന്റെ 4% എന്നത് '10' തസ്തികകൾ ആണ്. എന്നാൽ ഇവിടെ 28 തസ്തികകളിലാണ് ബൈ ട്രാൻസ്ഫർ പ്രോപമോഷൻ നിയമനം നടത്തിയിരിക്കുന്നത്. ഇത് തീർത്തും ചട്ടലംഘനമാണ്. ആയതിനാൽ ബൈ-ട്രാൻസ്ഫർ വഴി അധികമായി നിയമിച്ചവരെ റിവേർട്ട് ചെയ്യേണ്ടതാണ്.

<u>ശുപാർശകൾ</u>

1. യോഗ്യരായ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റായുള്ള നിയമനം 05.01.2008-ലെ സ.ഉ(പി) 03.08.HEdn ഉത്തരവിന്റെ അടിസ്ഥാനത്തിൽ U.O.No. 249/A III/2007/Admn dated 21.04.2007 പ്രകാരം 16.04.2007 മുതൽക്ക് സർവ്വകലാശാല നിറുത്തലാക്കിയിരുന്നു. എന്നാൽ അതനുസരിച്ച് സർവ്വകലാശാല ഓർഡിനൻസ് 19.05.2018-ലെ സിൻഡിക്കേറ്റ് യോഗം വരെ രൂപീകരിച്ചിട്ടില്ല എന്നതിന്റെ മറവിൽ 04.06.2018-ൽ 3 1 ക്ലറിക്കൽ അസിസ്റ്റന്റുമാരെ വിദ്യാഭ്യാസ യോഗ്യതയുടെ മാത്രം അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കുന്ന യോഗ്യ പരീക്ഷ (suitability) നടത്താതെ അസിസ്റ്റന്റുമാരായി നിയമിക്കുകയും തുടർന്ന 11.07.2018-ൽ clerical Assistant തസ്തികയിൽ നിന്നും അസിസ്റ്റന്റായുള്ള നിയമനം നിറുത്തലാക്കി ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതിൽ നിന്നും വിവിധ സമിതികളുടെ ശുപാർശകൾ പരിഗണിക്കാതെ യോഗ്യതാ പരീക്ഷ പോലും നടത്താതെ സിൻഡിക്കേറ്റ് തസ്തിക മാറ്റ നിയമനം നടത്തിയതിൽ നിന്നും ഈ നിയമനങ്ങളിൽ ക്രമക്കേടുണ്ടെന്നത് വ്യക്തമാണ്.ആയതിനാൽ ടി തീരുമാനങ്ങൾ കൈകൊണ്ട സിൻഡിക്കേറ്റ് അംഗങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമായി 31 ക്ലറിക്കൽ അസിസ്റ്റന്റുമാരെ വിദ്യാഭ്യാസ യോഗ്യതയുടെ മാത്രം അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കുന്ന യോഗ്യപരീക്ഷ (suitability test) നടത്താതെ അസിസ്റ്റന്റുമാരായി നിയമിച്ചത് ചട്ടവിരുദ്ധമാണ്. മത്സര പരീക്ഷ വഴി പി.എസ്.സി. മുഖേന നിയമനം ലഭിക്കേണ്ട '31' പേരുടെ നിയമനസാധ്യതയാണ് ഇതുവഴി ഇല്ലാതാക്കിയത്. അതിനാൽ യോഗ്യതാ മാനദണ്ഡങ്ങൾ മറികടന്ന് നിയമനം നൽകിയ മേൽ '31' പേരെയും റിവർട്ട് ചെയ്യേണ്ടതും ഈ ഒഴിവുകളിൽ പി.എസ്.സി. നിയമനങ്ങൾ നടത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. സർവ്വകലാശാലയിൽ പുറപ്പെടുവിക്കുന്ന ഓർഡിനൻസ് ഏറ്റവും അടുത്ത നിയമസഭ സമ്മേളനത്തിൽ വച്ച് പാസാക്കി സർവ്വകലാശാല ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്.

4. 17.05.2010 – ലെ സ.ഉ(കൈ) നം. 196/2010/പൊ.ഭ.വ ഉത്തരവ് പ്രകാരം 2% ൽ നിന്നും 4% ആയി വർദ്ധിപ്പിച്ച തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് entry cadre ന്റെ 4 % ഒഴിവുകൾ മാത്രമാണ് പരിഗണിക്കേണ്ടത്. ആയതിനാൽ അധികമായി നിയമിച്ചവരെ റിവർട്ട് ചെയ്യേണ്ടതാണ്.

സെക്ഷൻ ഓഫീസർ